പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3491 22.08.2017-ൽ മറുപടിക്ക്

## വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി

**ചോദ്യം** — ശ്രീ.പി.ജെ.ജോസഫ്

**മറുപടി** — ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പകർച്ചപ്പനിയും മറ്റ് അനുബന്ധരോഗങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാംപിൾ പരിശോധനയ്ക്കായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) & ബി) | സംസ്ഥാനത്ത് വൈറോളജി ലാബുകൾ സ്ഥാപിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ എല്ലാ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും വൈറോളജി ലാബുകൾ സ്ഥാപിക്കുന്നത് പ്രായോഗികമായ നടപടി അല്ല. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ "Setting up of Network of Laboratories for Managing Epidemics and Natural Calamities VRDL" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള വൈറൽ ഡയഗ്നോസ്റ്റിക് റിസർച്ച് ലബോറട്ടറികൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>**<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**<br>തിരുവനന്തപുരം മെഡിക്കൽ കോളേജിനെ, കോളേജ് ലെവൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ 1.44 കോടി രൂപയിൽ (നോൺ റെക്കറിംഗ്) കേന്ദ്ര വിഹിതമായി 129 ലക്ഷം രൂപ ഇതിനോടകം ലഭിച്ചിട്ടുണ്ട്.<br>**<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**<br>കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിനെ സ്റ്റേറ്റ് ലെവൽ വൈറോളജി ലാബ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 6.58 കോടി രൂപയിൽ (നോൺ റെക്കറിംഗ്) 329 ലക്ഷം രൂപ ഒന്നാംഘട്ട കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് വൈറോളജി ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | **<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**<br>തൃശ്ശൂർ മെഡിക്കൽ കോളേജിനെ, കോളേജ് ലെവൽ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 173.9 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. (നോൺ റെക്കറിംഗ് 1,43,90,000 + റെക്കറിംഗ് 30,00,000/-) |
| സി) | സ്വകാര്യ ആശുപത്രികളിൽ ലാബ് ടെസ്റ്റിങ്ങിന് അമിത ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനായി ഈ രംഗത്ത് ഏകീകൃത നിരക്ക് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ ? | സി) | 2017 ലെ 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017' നിയമമാകുന്നതോടെ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടാകുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**